## ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ശൂറാ

ജമാഅത്തിന്റെ പ്രഥമ മജ്‌ലിസ്ശൂറയിൽ ഏഴ് അംഗങ്ങളാണുണ്ടായിരുന്നത്. അവരെയെല്ലാം അമീർ നേരിട്ട് നാമനിർദേശം ചെയ്യുകയായിരുന്നു. 1942 ഫെബ്രുവരിയിൽ ശൂറയുടെ അംഗസംഖ്യ പന്ത്രണ്ടാക്കി ഉയർത്തി. അതേ വർഷം ശൂറാ യോഗം വിളിച്ചുചേർത്തപ്പോൾ അംഗസംഖ്യ പതിമൂന്നായി ഉയർന്നിരുന്നു. 1945 ഏപ്രിൽ മാസത്തിൽ കേന്ദ്ര ഓഫീസിൽ മജ്‌ലിസ്ശൂറ സമ്മേളിച്ചപ്പോഴാകട്ടെ പതിനാറ് അംഗങ്ങളാണ് അതിലേക്ക് വിളിക്കപ്പെട്ടിരുന്നത്. ശൂറാ അംഗങ്ങളെ അമീർ സ്വന്തം അഭിപ്രായമനുസരിച്ച് തെരഞ്ഞെടുക്കുകയാണ് ഈ കാലങ്ങളിൽ ചെയ്തിരുന്നത്. പിന്നീട് 1946-ലെ ഇലാഹാബാദ് സമ്മേളനത്തിൽ വെച്ചാണ് ജമാഅത്തിന് ആദ്യമായി ഒരു തെരഞ്ഞെടുക്കപ്പെട്ട മജ്‌ലിസ് ശൂറ നിലവിൽ വന്നത്. അംഗങ്ങളുടെ മുഴുവൻ അഭിപ്രായവും വാങ്ങിയ ശേഷം അമീറെ ജമാഅത്ത് ശൂറാ അംഗങ്ങളുടെ പേരുകൾ പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഈ പ്രഥമശൂറയിൽ ഉണ്ടായിരുന്നവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി
2. മലാനാ മസ്ഊദ് ആലം നദ്‌വി
3. മൗലാനാ മുഹമ്മദ് ഇസ്മാഈൽ, മദ്രാസ്
4. മൗലാനാ അബ്ദുൽ ജബ്ബാർ ഗാസി
5. മൗലാനാ അബ്ദുൽ ഗഫ്ഫാർ ഹസൻ, മാലേർ കോട്‌ല
6. മലിക് നസ്റുല്ലാഖാൻ അസീസ്, ലാഹോർ
7. ഖാൻ സർദാർ അലീ ഖാൻ, മാലേർകോട്‌ല
8. ജനാബ് മുഹമ്മദ് യൂസുഫ് സിദ്ദീഖി, ഗോംഗ്
9. സർദാർ മുഹമ്മദ് അക്രംഖാൻ, കേമ്പൽപൂർ
10. ഖാദി ഹമീദുല്ല, സിയാൽകോട്ട്
11. സയ്യിദ് അബ്ദുൽ അസീസ് ശർഖി, ജലന്ധർ
12. ചൗധരി ശഫീഅ് അഹ്മദ്, യു.പി.

ഈ ശൂറയുടെ കാലാവധി ഒരു വർഷമായിരുന്നു. 1947 മേയിൽ ദാറുൽ ഇസ്‌ലാമിൽ ചേർന്ന അംഗങ്ങളുടെ യോഗത്തിൽ വെച്ച് നടന്ന ശൂറാ തെരഞ്ഞെടുപ്പ് ഈ രംഗത്ത് മറ്റൊരു കാൽവെപ്പുകൂടി നടത്തി. തികച്ചും രഹസ്യവോട്ട് അടിസ്ഥാനത്തിലാണ് ഈ തെരഞ്ഞെടുപ്പ് നടന്നത്. ഈ തെരഞ്ഞെടുപ്പുവഴി പുതുതായി മൂന്നു പേർ ശൂറയിൽ ഉൾപെടുകയും പകരം മൂന്നു പേർ പുറത്തുപോവുകയും ചെയ്തു. മൗലവി മുഹമ്മദ് യൂനുസ് (ഹൈദരാബാദ്), ചൗധരി അലി അഹ്മദ് ഖാൻ, മൗലാനാ അബ്ദുൽഹഖ് എന്നിവരായിരുന്നു പുതുമുഖങ്ങൾ. പുറത്തുപോയവർ മൗലാനാ അബ്ദുൽ അസീസ് ശർഖി, മൗലാനാ അബ്ദുൽ ഗഫ്ഫാർ ഹസൻ, സർദാർ മുഹമ്മദ് അക്ബർ ഖാൻ എന്നിവരായിരുന്നു.